**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4115** | **18-07-2022 - ൽ മറുപടിയ്ക്ക്**

**എം.എൽ.എ. യുടെ ആസ്തി വികസന പദ്ധതിയിലുൾപ്പെടുത്തി സ്കൂൾ കെട്ടിട നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുരളി പെരുനെല്ലി | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | എം.എൽ.എ. യുടെ ആസ്തി വികസന പദ്ധതിയിലുൾപ്പെടുത്തി മണലൂർ മണ്ഡലത്തിലെ എളവള്ളി ഗവ: ഹയർ സെക്കന്ററി സ്കൂളിന് കെട്ടിടം നിർമ്മിക്കാൻ 31.03.2017-ലെ സ.ഉ(സാധാ.)നം.924/2017/ജി.ഇ.ഡി.എൻ. പ്രകാരം ഭരണാനുമതി ലഭ്യമാക്കിയെങ്കിലും പ്രസ്തുത പ്രവൃത്തി ഇതുവരെ പൂർത്തീകരിച്ചിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| (ബി) | പ്രസ്തുത പ്രവൃത്തിയുടെ നിലവിലെ സ്ഥിതി എന്താണെന്ന് അറിയിക്കാമോ; | (ബി) | കെട്ടിടത്തിന്റെ സ്ട്രക്ചർ, പ്ലാസ്റ്ററിംഗ്, വൈദ്യുതീകരണം എന്നീ പ്രവൃത്തികൾ കഴിഞ്ഞിട്ടുണ്ട്. പ്ലംബിംഗ്, പെയിന്റിംഗ്, മറ്റ് അവസാനഘട്ട മിനുക്കുപണികൾ കൂടി പൂർത്തീകരിക്കുവാനുണ്ട്. |
| (സി) | പ്രസ്തുത സ്കൂളിൽ നിലവിൽ പഠന സൗകര്യങ്ങളുടെ അപര്യാപ്തത ഉള്ളതിനാൽ ആയതു പരിഹരിക്കുന്നതിനായി പുതിയ കെട്ടിടത്തിന്റെ നിർമ്മാണ പ്രവൃത്തികൾ എത്രയും വേഗം പൂർത്തീകരിക്കാൻ വേണ്ട നടപടി സ്വീകരിക്കുമോ; വിശദാംശം നൽകാമോ? | (സി) | നിർമ്മാണ പ്രവൃത്തികൾ അവസാനഘട്ടത്തിലാണ്. എത്രയും വേഗം പൂർത്തീകരിക്കുവാൻ കരാറുകാരനോട് ആവശ്യപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ